പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6349 08.07.2014 ലെ മറുപടിക്ക്

## പോലീസ് സേനയിലെ സ്ഥലംമാറ്റത്തിനുള്ള പുതിയ മാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.ദിവാകരൻ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീ.കെ.രാജു**<br>**ശ്രീ.കെ.അജിത്** | **രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
| പോലീസ് സേനയിലെ സ്ഥലം മാറ്റത്തിന് ഒരു സ്ഥലത്ത് കുറഞ്ഞത് മൂന്ന് വർഷത്തെ സേവനം വേണമെന്ന് വ്യവസ്ഥയുണ്ടോ? | സംസ്ഥാന സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾക്ക് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം വർഷത്തിൽ ഒരിക്കൽ സ്ഥലംമാറ്റം നടത്താവുന്നതാണ്. മൂന്ന് വർഷക്കാലം ഒരേ സ്റ്റേഷനിൽ ജോലി ചെയ്തിട്ടുള്ളവരെ അവർ നൽകിയ ഓപ്ഷനുകളുടെ മുൻഗണനാക്രമത്തിൽ സ്ഥലം മാറ്റാവുന്നതാണ്. ഒരു ഓഫീസിൻെറ സുഗമമായ പ്രവർത്തനത്തിന് ഒരു ഉദ്യോഗസ്ഥനെ മാറ്റേണ്ടതായി സർക്കാരിനോ, വകുപ്പ് മേലധികാരിയ്ക്കോ ബോദ്ധ്യം വന്നാൽ അക്കാര്യം സ്ഥലംമാറ്റ ഉത്തരവിൽ സൂചിപ്പിച്ച് കൊണ്ട് സ്ഥലംമാറ്റം നടത്താവുന്നതാണ്. ഇതിനു പുറമേ സ്ഥലംമാറ്റകാര്യങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാനതത്വങ്ങൾ കൃത്യമായി പാലിക്കണമെന്നും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ